# അമേരിക്കൻ കഥകൾ

## മിനികഥകൾ ഇരുപത്തിരണ്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചിക്കും ജോസഫ് അച്ചായനും ജോളിയോട് വളരെയധികം ഇഷ്ടമാണ്. അവരുടെ വീട്ടിൽ വളരെയധികം പെണ്ണുങ്ങൾ വന്ന് താമസിച്ചിട്ടുണ്ടെങ്കിലും, ജോളിയോട് അവക്ക് രണ്ടു പേക്കും വല്ലാതെ ഒരടുപ്പം ഉണ്ട്. അവൾ, അവളുടെ കുടുംബത്തിന്റെ ദാരിദ്ര്യാവസ്ഥ നിർലജ്ജം അവരോട്, അവൾ വന്ന നാളിൽ തന്നെ പറഞ്ഞ് കരഞ്ഞിട്ടുണ്ട്. ആ കഥ കേട്ട് അവർ രണ്ടു പേരും അന്ന് കരഞ്ഞിട്ടുണ്ട്. അവൾക്ക് നല്ലതു മാത്രമേ വരാവൂ എന്നവർ ആത്മാത്ഥമായി ആഗ്രഹിച്ചു.

ഒന്നുമല്ലാത്ത ഒരവസ്ഥയിൽ ഇന്നവൾ സകുടുംബം നാട്ടിൽ പോകാൻ തീരുമാനമെടുത്തതിൽ അവക്ക രണ്ടു പേക്കും കളങ്കരഹിതമായ സങ്കടം ഉണ്ട്. അമേരിക്കയിൽ കുടിയേറി വന്ന് പത്തു വഷം ജോലി ചെയ്യവരും അറുപത്തഞ്ചു വയസായവക്കുംസോഷ്യൽസെക്യൂരിറ്റിആയ്, അവർഅത്രയും കാലം ഉണ്ടാക്കിയതിന്റെ ഒരു തുക, വാദ്ധ്യക്യ കാലത്ത് കിട്ടും; നമ്മുടെ കേരളത്തിൽ/ഇന്ത്യയിൽ പെൻഷൻ കിട്ടുന്നതു പോലെ. എന്നാൽ ഇതാരും സൗജന്യമായി കൊടുക്കുന്നതല്ല; ഈ തുക ഓരോ പ്രവശ്യവും അവക്ക് ശമ്പളം കിട്ടുമ്പോൾ പിടിച്ചു വെക്കുന്നതാണ്. അമേരിക്കയിൽ ആക്കും പണമായി ശമ്പളം കിട്ടാറില്ല; അതെല്ലാം ചെക്കായിട്ടാണ് കിട്ടുന്നത്. ബാങ്കിൽ കൊണ്ടു പോയി കൊടുത്താണ് സാധാരണ അത് മാറുന്നത്. അമേരിക്കയിൽ ഉള്ള ചിലർ, ഈ കിട്ടുന്ന പേ ചെക്ക് ചില കടകളിൽ കൊണ്ടുപോയി കൊടുത്ത് പണമാക്കും. അങ്ങിനെ ചെയ്താൽ അതിന്റെ ഒരു തുക ആ കടക്കാർ തന്നെ, പിടുങ്ങും. ഈ പേ ചെക്ക് എപ്പോൾ കൊടുത്താലും, അന്നേരം തന്നെ പണം കിട്ടും. സമ്പത്തു കാലത്ത് തൈ പത്തു വെച്ചാൽ, ആപത്തു കാലത്ത് കാ പത്തു തിന്നാമെന്ന പഴമൊഴി പോലെ, ആരോഗ്യമുള്ള കാലത്ത് സ്വല്പം കഠിനാദ്ധ്വാനം ചെയ്താൽ, വദ്ധ്യക്യകാലത്ത് കൈ നിറച്ച് വാങ്ങി സന്തോഷമായി വിശ്രമ ജീവിതം നയിക്കാം. ഇങ്ങിനെ ഭാര്യാ ഭത്താക്കന്മാക്ക് കിട്ടുമെങ്കിലും, അതിനിടയിൽ അവരിൽ ഒരാൾ മരിച്ചു പോയാൽ, കൂടുതൽ ആക്ക് കിട്ടുമോ ആ തുക ജീവിച്ചിരിക്കുന്നയാളിന് കിട്ടും. അതിനിടയിൽ അവർ പിണങ്ങി പിരിഞ്ഞു പോയാൽ, അത് വേറേ വകുപ്പായി മാറും. ഇവിടെ ജോളി അമേരിക്കയിൽ വന്ന് ജോലി ചെയ്യാൻ തുടങ്ങിയിട്ട് വെറും ഇരുപത്തഞ്ചു വഷവും അവൾക്ക് പ്രായം വെറും അന്പതു വയസുമേ ഉള്ളൂ. അടുത്ത പതിനഞ്ചു വഷം കൂടെ കഴിയാതെ അവൾക്ക് സോഷ്യൽ സെക്യൂരിറ്റി സഹായവും കിട്ടത്തില്ല; കൂടാതെ ആ സമയം ആകുമ്പോൾ അമേരിക്കയിൽ തന്നെ വന്ന് അതിന്റെ പേപ്പർ പണി ചെയ്യണം. അവളുടെ ഭത്താവാണെങ്കിൽ വെറും അന്പത്തി ഒന്നു വയസും, അമേരിക്കയിൽ വന്ന് ജോലി ചെയ്യാൻ തുടങ്ങിയിട്ട് വെറും പത്തൊന്പതു വഷവുമേ ആയിട്ടുള്ളൂ.

കേരളത്തിൽ നല്ല ഒരു വീടുണ്ട്. പ്രായമായ മാതാപിതാക്കളും ഉണ്ട്. അവക്ക് കേവലം എഴുപതും എഴുപത്തി അഞ്ചും വയസു മാത്രമേ പ്രായമുള്ളൂ. പ്രായമായ അപ്പനും അമ്മയേയും നോക്കാനായി പോവുകയാണെന്നാണ്, പരിചയമുള്ളവരോടെല്ലാം പറഞ്ഞത്. പതിനഞ്ചും, പതിമൂന്നും വയസുള്ള രണ്ടു പെൺകുഞ്ഞുങ്ങൾ. മൂത്തമോൾ ഒരു കറമ്പനേയും, ഇളയവൾ ഒരു ഗുജറാത്തി ചെക്കനേയും ബോയ്ഫ്രണ്ടാക്കി കഴിഞ്ഞു. കറമ്പനാണെങ്കിലും, അവൻ നല്ല കുടുംബത്തിൽ ഉള്ളവനാണെന്നും നല്ല മര്യാദക്കാരനാണെന്നുമാണ് മൂത്ത മോളിന്റെ അഭിമതം. ഗുജറാത്തി ആയാലെന്താ, അവൻ ഇന്ത്യാക്കാരനല്ലേയെന്നാണ് ഇളയവൾ. ജോളിയുടെ ഹൃദയം ആളികത്തുന്ന പോലെ ആയി.

സൂക്ഷ വിവരം മക്കൾ രണ്ടു പേരോടും പറയാതെ, നാട്ടിൽ അവധിക്ക് പോകുകയാണെന്ന് പറഞ്ഞാണ് അവർ ഭാര്യാ ഭത്താക്കന്മാർ കയ്യിൽ കിട്ടിയതെല്ലാം കൂടെ വാരികെട്ടി മക്കളേയും കൂട്ടി യാത്ര തിരിച്ചത്. സൂക്ഷ വിവരം മക്കൾ അറിഞ്ഞാൽ യാത്ര ഒരിക്കലും സാദ്ധ്യമല്ലാതെ പോകും. അവസാനം വിമാനതാവളത്തിൽ വെച്ചായാലും, മക്കൾ ബഹളം കൂട്ടിയാൽ പോലീസ് ഇടപെട്ട് അവരെ മടക്കി അയക്കും. അങ്ങിനെ പല സംഭവങ്ങളും നടന്നിട്ടുണ്ട്.

മക്കൾ രണ്ടു പേരും വയസറിയിച്ചു കഴിഞ്ഞു. അവർ വല്ലതും രുചിച്ചറിഞ്ഞോ എന്ന് ജോളിക്ക് ഭയം ഉണ്ടായിരുന്നു. ഈ അമേരിക്കയിൽ, മക്കൾ വളരെ ചെറുപ്പം മുതലേ ബോയ് ഫ്രണ്ടും, ഗേൾഫ്രണ്ടുമായി കഴിയുകയുക വേണമെന്നാണ് ചിട്ട. അതല്ലങ്കിൽ അവരെ ഡോക്ടേഴ്സിനെ കൊണ്ട് പരിശോധിപ്പിക്കണമെന്നാണ്. കൂടാതെ വളരെ ചെറു പ്രായം മുതലേ അവർ ലൈംഗിക വേഴ്ചകൾ ചെയ്തിരിക്കണം. കേവലം പത്തു വയസുള്ള അമ്മമാർ ഇവിടെ ഉണ്ട്. അതൊന്നും അത്ര വലിയ കാര്യമല്ല.

ജോളി മക്കളെ രണ്ടു പേരേയും പല വിധത്തിൽ കൂടെ ചോദ്യം ചെയ്തു. വേലി ചാടി പശുവിന്റെ മകൾ മതിലു ചാടിയെന്നു കേട്ടിട്ടുണ്ട്. ജോളി, ഐസക്കിന്റെ കൂടെ താമസിച്ചപ്പോൾ കാമത്തിന്റെ കെട്ടിൽ വീണത്. ജോസഫ് അച്ചായൻ അവളെ സംതൃപ്തയാക്കിയിരുന്നു. നാട്ടിൻ പുറത്തു ജനിച്ചു വളന്ന ഭത്താവിനെ കൊണ്ട് അത്ര പറ്റത്തില്ല; എന്നാലും അവൾ പലതും അവനെ പഠിപ്പിച്ചു; എന്നിട്ടും തൃപ്തിയാകാതെ വരുമ്പോൾ, അന്നച്ചി രാത്രി ജോലി ചെയ്യുമ്പോൾ അവൾ ജോസഫച്ചായന്റെ കൂടെ പോയ് കാര്യം കണ്ട് മടങ്ങി വരും. അയാളെ ഷുഗർഡാഡിയെന്നു വിളിക്കുന്നതാവും കൂടുതൽ ശരി. അവൾക്ക് എല്ലാ ദിവസവും രതി സുഖം വേണം.

വീടും മറ്റും വിൽക്കാനുള്ള പവ്വർ ഓഫ് അറ്റേണിയും മറ്റും കുഞ്ഞാങ്ങള സോമന്റെ പേരിൽ ആക്കി. അവക്ക് എപ്പോഴെങ്കിലും സാമ്പത്തികമായി സഹായം വേണമെങ്കിലും അറിയിക്കണമെന്ന് അന്നച്ചിയും ജോസഫ് അച്ചായനും പ്രത്യേകം പറഞ്ഞിട്ടുണ്ട്. അവർ പോയ് കുറച്ചു കാലത്തേക്ക് സൂസിയുടെ ജോലി ഗാരേജ് സെയിൽ ആയിരുന്നു. അമേരിക്കയിൽ പഴയ സാധനങ്ങൾ വളരെ തൂത്തും തൊടച്ചും വൃത്തിയാക്കിയും വീട്ടിൽ വെച്ച് കച്ചവടം ചെയ്യുന്നതിനാണ് ഗാരേജ് സെയിൽ എന്നു പറയുന്നത്. ഇങ്ങിനെ വളരെ നല്ല സാധനങ്ങൾ പലതും വളരെ വില കുറച്ച് വാങ്ങാൻ കിട്ടും. മലയാളികളോ, ഇന്ത്യാക്കാരോ, ദുരഭിമാനം കാരണം ഇങ്ങിനെയുള്ള സാധനങ്ങൾ വാങ്ങാറില്ല.

എതിപ്പുകൾ വക വെയ്ക്കാതെ മക്കളെ രണ്ടിനേയും വീടിന് വളരെ അടുത്തുള്ള പ്രൈവറ്റ് സ്ക്കൂളിൽ ഇംഗ്ലീഷ് മീഡിയത്തിലാക്കി. ജോളിക്ക്, അവളുടെ വീടിനടുത്തുള്ള ഒരു ക്ലിനിക്കിൽ നല്ല ശമ്പളത്തിൽ ജോലി കിട്ടി. അവളുടെ ഭത്താവിനും സാമാന്യം ഭേദപ്പെട്ട ജോലി തരമായി. ജോളിക്ക്, അവൾ ജോലി ചെയ്യുന്നിടത്തെ ഒരു ഡോക്ടറുമായി അടുപ്പത്തിലായി. അയാൾക്ക് കാമ കലകളിൽ നൈപുണ്യം ഉണ്ട്. വളരെ രഹസ്യമായി അവൾ ആ ബന്ധം തുടന്നു. പ്രായമറിയിച്ച പെൺമക്കളുള്ളതാണ്. പക്ഷേ, അവളുടെ ജീവിതം അത്തരത്തിൽ ഐസക്കാക്കി കളഞ്ഞു.

അവസാനം അമേരിക്കയിലെ വീടും മറ്റു സാമാനങ്ങളും എല്ലാം വിറ്റു കിട്ടിയ തുക അവരുടെ അമേരിക്കയിലെ ബാങ്കിൽ നിക്ഷേപിച്ചു. കേരളത്തിലെ ജീവിതവുമായി അവർ രണ്ടു പേരും മക്കളും പൊരുത്തപ്പെട്ടു.